**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 7186 16/07/2012-ലെ മറുപടിക്ക്

<u>മാനദണ്ഡങ്ങൾ പാലിക്കാത്ത സ്വാശ്രയ സ്ഥാപനങ്ങൾക്ക് അനുമതി</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ. കെ. രാധാകൃഷ്ണൻ<br>ശ്രീ. ബി. സത്യൻ | ശ്രീ. പി.കെ. അബ്ദുറബ്ബ്, ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി. |
| എ) ഈ സർക്കാർ അധികാരമേറ്റശേഷം മാനദണ്ഡങ്ങൾ പാലിക്കാതെ സ്വാശ്രയ കോളേജുകളും അവയ്ക്ക് വിവിധ കോഴ്സുകളും അനുവദിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം നൽകാമോ ; | എ) ഇല്ല. |
| ബി) സംസ്ഥാനത്തെ സർവ്വകലാശാലകളിൽ നിലവിലുള്ള സിൻഡിക്കേറ്റുകൾ അധികാരമേറ്റശേഷം സ്വാശ്രയ കോളേജുകൾ ആരംഭിക്കുന്നതിന് എത്ര അപേക്ഷകളാണ് ലഭിച്ചത് ; വ്യക്തമാക്കാമോ ; ഇതിൽ എത്ര എണ്ണം പരിഗണിച്ചു ; ഏതെല്ലാം സ്ഥാപനങ്ങൾക്ക് അനുമതി നൽകി ;<br>സി) അനുമതി ലഭിച്ച സ്ഥാപനങ്ങൾ ചട്ടപ്രകാരം നിശ്ചിത സമയത്തിനുള്ളിൽ അപേക്ഷ സമർപ്പിച്ചിരുന്നുവോ ; | ബി) & സി) വിവരം ശേഖരിച്ച് നൽകുന്നതാണ് |
| ഡി) അടിസ്ഥാന സൌകര്യങ്ങൾ ഇല്ലാത്തതും, മാനദണ്ഡങ്ങൾ പാലിക്കാത്തതുമായ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയതുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന പരാതികളും വിവാദങ്ങളും സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്താൻ തയ്യാറാകുമോ ? | ഡി) കോളേജിന്റെ ഭൗതിക സാഹചര്യങ്ങൾ പരിശോധിച്ച് സർവ്വകലാശാലകൾ ശുപാർശ ചെയ്യുന്നതനുസരിച്ചാണ് പുതിയ കോളേജുകളും കോഴ്സുകളും അനുവദിക്കുന്നത്. ഇതു സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ അന്വേഷിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**